മനുഷ്യന്റെ പാപപരിഹാരത്തിനുള്ള എല്ലാ പ്രവൃത്തിയും യേശു ക്രൂശിൽ നിവർത്തിച്ചു. എന്നാൽ യേശു ആവശ്യപ്പെടുന്നത് തന്റെ (ക്രൂശുമരണത്തിൽ വ്യക്തിപരമായി പാപമോചനത്തിനായി ഓരോരുത്തരും വിശ്വസിക്കണമെന്നാണ്. "അവനെ (യേശുവിനെ) കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ (സ്വർഗ്ഗത്തിന് അവകാശികളായിത്തീരുവാൻ) അധികാരം കൊടുത്തു" (യോഹ. 1:12).

നിങ്ങളുടെ പാപങ്ങളെ യേശുവിനോടു സമ്മതിക്കുക (റോമ. 10:9). യേശുകർത്താവേ, ഞാനൊരു പാപിയാണ്; എന്റെ പാപത്തിന്റെ പരിഹാരത്തിനുവേണ്ടിയാണ് അങ്ങ് ക്രൂശിൽ മരിച്ചത് എന്ന് ഞാൻ വിശ്വസിക്കുന്നു. യേശുവേ, അങ്ങയെ ഞാൻ എന്റെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുന്നു. ആമേൻ.

ആത്മരക്ഷയ്ക്കായി മനുഷ്യൻ താൻ തന്നെ അനേകവഴികൾ കണ്ടെത്തി നിരാശനാകുമ്പോൾ ദൈവം മനുഷ്യർക്കു കാണിച്ചുക്കൊടുത്ത വഴിയായ യേശുക്രിസ്തുവിൽ വിശ്വസിക്കുക. ഈ തീരുമാനം നിങ്ങളുടെ ജീവിതത്തെ ഒരു പുതിയ വഴിത്തിരിവിലേക്ക് നയിക്കും നിശ്ചയം. അർത്ഥവും, ലക്ഷ്യവും, സമാധാനവും, സന്തോഷവും നൽകുന്ന ഒരു ജീവിതയാത്രയിലേക്ക്.

SATHGAMAYA MEDIA FOUNDATION

# എവിടെയാണ് ആ വഴിത്തിരിവ് ?...



# എവിടെയാണ് ആ വഴിത്തിരിവ് ?...

മനുഷ്യജീവിതം ഒരു യാത്രയാണ്. ഈ യാത്രയുടെ വിജയത്തിന് ഉചിതമായ തീരുമാനങ്ങൾ, ശരിയായ സമയത്ത് നാം സ്വീകരിക്കേണ്ടതാണ്. യാത്ര ചെയ്യുന്ന വ്യക്തിക്ക് ഒരു ലക്ഷ്യം ആവശ്യമാണ്. ലക്ഷ്യം ഇല്ലാതെയുള്ള യാത്ര വിഫലമാണ്. ജനനംകൊണ്ട് യാത്ര ആരംഭിക്കുന്നതിനും മരണം കൊണ്ട് അവസാനിക്കുന്നതിനും ഇടയിൽ നാം അനേക തീരുമാനങ്ങൾ കൈക്കൊള്ളാറുണ്ട്. എന്നാൽ എവിടെയാണ് ഒരു വഴിത്തിരിവ് ആവശ്യമായിരിക്കുന്നത്?

വിദ്യാഭ്യാസത്തിലൂടെ, ജോലിയിലൂടെ, ബിസിനസ്സിലൂടെ, വിവാഹത്തിലൂടെ, സ്ഥാനമാനങ്ങൾ ലഭിക്കുന്നതിലൂടെ പെട്ടെന്ന് സമ്പന്നർ ആകുന്നതിലൂടെ ഒക്കെ നാം നമ്മുടെ ജീവിതത്തിൽ വഴിത്തിരിവുകൾ ഉണ്ടാകണം എന്ന് ആഗ്രഹിക്കുകയും അതിനായി പ്രയത്നിക്കുകയും ചെയ്യുന്നു. ഇവയിലൂടെ ലഭിക്കുന്ന സന്തോഷവും സുഖവും മരണംവരെ മാത്രമേ നിലനിൽക്കുകയുള്ളൂ. ഈ നേട്ടങ്ങൾ ഒന്നും മരണത്തിനപ്പുറം കൊണ്ടുപോകുവാൻ സാദ്ധ്യമല്ല. മരണംകൊണ്ട് നാം ഈ ലോകത്തിലെ യാത്ര അവസാനിപ്പിച്ച് മറ്റൊരു സ്ഥലത്തേക്ക് പോകുന്നു. കാരണം മനുഷ്യന് നശിക്കാത്ത ഒരു ആത്മാവ് ഉണ്ട്. ആത്മാവ് ശരീരത്തിൽനിന്നു വേർപ്പെടുമ്പോൾ മരണം സംഭവിക്കുന്നു.



ഒടുവിൽ ദൈവത്തിന്റെ നിവാസമായ നിത്യസ്വർഗ്ഗത്തിലോ, അല്ലെങ്കിൽ ശിക്ഷാവിധിയുടെ സ്ഥലമായ നരകത്തിലോ ചെന്നെത്തുന്നു. ഈ രണ്ടു സ്ഥലങ്ങളിൽ എവിടെ പോകണമെന്ന് ജീവിച്ചിരിക്കുമ്പോൾ നാം തീരുമാനിക്കേണ്ടതാണ്. മനുഷ്യൻ പാപത്തിൽ ജനിക്കുന്നു, പാപത്തിൽ ജീവിക്കുന്നു, പാപത്തിൽ മരിക്കുന്നു എങ്കിൽ നിത്യമായ നരകത്തിലേക്കു പോകുന്നു. നരകത്തിൽ പോകുവാനായി പാപിയായ മനുഷ്യൻ ഒന്നുംതന്നെ ഇനി ചെയ്യേണ്ടതില്ല. എന്നാൽ സ്വർഗ്ഗത്തിലേക്ക് പോകണമെങ്കിൽ ദൈവിക വ്യവസ്ഥ അംഗീകരിക്കേണ്ടത് ആവശ്യമാണ്.

ഇതിനായി താങ്കൾ അംഗീകരിക്കേണ്ടതും, അറിയേണ്ടതുമായ ദൈവികവ്യവസ്ഥകൾ വെളിപ്പെടുത്തിയിരിക്കുന്നത് വിശുദ്ധ ബൈബിളിലാണ്. മനുഷ്യൻ ജന്മനാലും, കർമ്മത്താലും പാപിയാണ്. "ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു" (റോമ. 3:23). പാപിയായ മനുഷ്യന്റെ പാപപ്രവർത്തികൾ ദൈവം സ്വീകരിക്കുന്നില്ല. നല്ലവരെപ്പോലെ ജീവിച്ചു മോക്ഷം നേടുക എന്നത് മനുഷ്യനാൽ അസാദ്ധ്യമാണ്. പാപം ചെയ്ത് നിത്യനരകത്തിലേക്ക് പോയ്ക്കൊണ്ടിരിക്കുന്ന മനുഷ്യനോട് മനസ്സലിഞ്ഞു ഒരു രക്ഷാമാർഗ്ഗം ഒരുക്കുവാനായി ദൈവം മനുഷ്യരൂപം സ്വീകരിച്ച് ഭൂമിയിൽ വന്നു. ആ വ്യക്തിയാണ് കർത്താവായ യേശുക്രിസ്തു. യേശു താൻ തന്നെ പാപപരിഹാരബലിയായി ക്രൂശിൽ മരിച്ചു. മനുഷ്യന്റെ നരകശിക്ഷയ്ക്കു പകരമായി ശിക്ഷ അനുഭവിച്ചു (ഫിലി. 2:6-10) സ്വർഗ്ഗത്തിലേക്കുള്ള വഴി തുറന്നു. മാത്രമല്ല താൻ ദൈവപുത്രൻ എന്നു തെളിയിച്ചുകൊണ്ട് മൂന്നാംനാൾ ദൈവത്താൽ ഉയിർത്തെഴുന്നേൽക്കുകയും, തന്നിൽ വിശ്വസിക്കുന്നവരെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുവാൻ വീണ്ടും വരികയും ചെയ്യും.